

*നേരറിവിന്റെ
ഭ്രമണപഥങ്ങളിലൂടെ
മനുഷ്യന്റെ മുന്നേറ്റം.*

# പ്രയാണം

ആണ്ടുകളലിയുന്നൂ
നിമിഷങ്ങളിൽ, കാലം
നീണ്ട കാലുകൾ നീട്ടി-
നീട്ടിവച്ചകലുന്നൂ!


തൻ കടിഞ്ഞാണും കൊണ്ടു
കാലത്തെ നിയന്ത്രിക്കാൻ
ചങ്കിലെപ്പത തുപ്പി-
ക്കുതികൊള്ളുന്നൂ ശാസ്ത്രം!

ഇന്നലെസ്സങ്കല്പത്തിൻ
മന്ദാരമലർക്കാവിൽ
നിന്നു കൂമ്പിയ കിനാ-
വിന്നത്തെക്കനിയായി!

വാടിവീണേക്കാം നാളെ-
ത്തയ്യുകൾ - പക്ഷേ, പുത്തൻ-
വാടികളനുക്ഷണം
വിരിഞ്ഞേ മതിയാവൂ!


പരിവർത്തനത്തിന്റെ
ഞാണൊലി മാത്രം കേൾക്കാ-
മരികത്തെല്ലായ്പ്പോഴും
നിമിഷങ്ങളിലൂടെ!

ചുറ്റിലും പരമാണു-
മണ്ഡലസഹസ്രങ്ങൾ
പെറ്റുപെറ്റടിയുമീ-
യന്തരീക്ഷത്തിൽക്കൂടി



പൊയ്പ്പോയ പരകോടി-
പ്പൂരുഷാന്തരങ്ങൾ തൻ
കൽപ്പടവുകൾ കേറി-
ക്കേറിയെത്തിയ ഞങ്ങൾ,

പേനയും പടവാളും
ശാസ്ത്രവും പ്രേമത്തിന്റെ
ഗാനശൈലിയുമായി-
സ്സഞ്ചരിക്കുന്നൂ നിത്യം!



ഞങ്ങളിൽ ജീവിക്കുന്നൂ
ഞങ്ങൾതൻ മുത്തച്ഛന്മാർ
ഞങ്ങളിൽ തുടങ്ങുന്നൂ
നാളെയും മറ്റന്നാളും

കരളിൻ നാളം കത്തി
നീറിയ മെഴുകിന്റെ
തിരികൾ നൂറായിരം
ഉരുകിത്തീർന്നൂ നീളേ

നാൽക്കവലകൾ തോറും
ഞങ്ങളീ വരുംവഴി
നാട്ടിയ ദീപസ്തംഭ-
ശ്രേണികൾ കണ്ടോ പിന്നിൽ?

മരിച്ചിട്ടില്ലാ ഞങ്ങ-
ളിന്നോള, മൊരുനാളും
മരിക്കി;ല്ലൊടുങ്ങാത്ത
സൃഷ്ടിശക്തികൾ ഞങ്ങൾ!

ആദിതൊട്ടിന്നോളവു-
മായിരം പരിണാമ-
രീതികൾ കടന്നെത്തും
ജീവന്റെ വികാസങ്ങൾ

ചങ്ങലത്തുടർപോലെ
കൊളുത്തിക്കൂട്ടിപ്പോന്ന
ചങ്കിലെ ഞരമ്പുകൾ
വിടർത്തും സംസ്കാരങ്ങൾ

ഞങ്ങളിൽ രൂപംകൊൾവൂ,
നിമിഷംതോറും കാലം
ഞങ്ങൾതൻ ഭാവപ്രാണ-
സ്പന്ദന സമാഹാരം!

മുളങ്കാട്
(വയലാർ രാമവർമ്മ)

കാവ്യഭാഗത്തിന് ഉചിതമായ **ഈണവും താളവും നൽകി അവതരിപ്പിക്കുക.**

ശാസ്ത്രത്തെ സംബന്ധിക്കുന്ന എന്തെല്ലാം ആശയങ്ങളാണ് കാവ്യഭാഗത്ത് ആവിഷ്കരിച്ചിട്ടുള്ളത് ? **വിശദീകരിക്കുക.**

"തൻ കടിഞ്ഞാണും കൊണ്ടു
കാലത്തെ നിയന്ത്രിക്കാൻ
ചങ്കിലെപ്പത തുപ്പി-
ക്കുതികൊള്ളുന്നൂ ശാസ്ത്രം!"

ഇന്നു കാണുന്ന ലോകത്തെ നിർമ്മിക്കാൻ ശാസ്ത്രം നൽകിയ സേവനത്തിന്റെ പ്രാധാന്യമല്ലേ വരികളിൽ ഉള്ളത്? **ചർച്ചചെയ്യുക.**

'പരിവർത്തനത്തിന്റെ ഞാണൊലി', 'പുരുഷാന്തരങ്ങൾതൻ കൽപ്പടവുകൾ' എന്നീ പ്രയോഗങ്ങളുടെ സവിശേഷതകൾ വിശകലനം ചെയ്യുക. ഇത്തരം പ്രയോഗങ്ങൾ കവിതയിൽനിന്ന് **കണ്ടെത്തി വിശദമാക്കുക.**

- "മരിച്ചിട്ടില്ലാ ഞങ്ങ-
  ളിന്നോള, മൊരുനാളും
  മരിക്കി; ല്ലൊടുങ്ങാത്ത
  സൃഷ്ടിശക്തികൾ ഞങ്ങൾ!"

- ശാസ്ത്രാവബോധവും ശാസ്ത്രസമീപനവും ജീവിതരീതി, ചിന്താപ്രക്രിയ, പ്രവർത്തന പദ്ധതി, നമ്മുടെ സാഹോദര്യബന്ധം എന്നിവയുമായി ബന്ധപ്പെട്ടതാകണം.

(ജവഹർലാൽ നെഹ്റു)

വരികളും നെഹ്റുവിന്റെ അഭിപ്രായവും വിശകലനം ചെയ്ത് 'ശാസ്ത്രവും ജീവിതപുരോഗതിയും' എന്ന വിഷയത്തിൽ **സെമിനാർ സംഘടിപ്പിക്കുക.**

"നന്ദി ചൊല്ലുന്നൂ ശാസ്ത്രസുഹൃത്തേ, ഭവാൻ തുന്നി-
ത്തന്ന തീച്ചിറകുകളനന്തവിശാലങ്ങൾ!
ബ്രഹ്മാണ്ഡപ്പൂമേട തന്നാദ്യത്തെ നിലയിലെ
നമ്പുറി- തുറക്കാത്ത മുറി- ഞാൻ തുറക്കട്ടെ"

ചന്ദ്രദർശനം
(പി. കുഞ്ഞിരാമൻ നായർ)

ഇപ്രകാരം ശാസ്ത്രത്തെയും ശാസ്ത്രാവബോധത്തെയും പരാമർശിക്കുന്ന കാവ്യഭാഗങ്ങൾ ശേഖരിച്ച് **ഡിജിറ്റൽപ്പതിപ്പ് തയ്യാറാക്കുക.**